**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഒറ്റപ്പാലം ബസ്സ് സ്റ്റാന്റിന്റെ ഒരു ഭാഗം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കുന്നതിന് നൽകുവാൻ മുനിസിപ്പാലിറ്റി തയ്യാറാണെങ്കിൽ ഒറ്റപ്പാലത്ത് ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുവാൻ സാധിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യിൽ, പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, സർക്കാർ നിർദ്ദേശ പ്രകാരം റീസ്ട്രക്ച്ചർ 2.0 പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ഡിപ്പോ പ്രവർത്തനങ്ങളും ഓഫീസുകളും ജില്ലാ അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന ചെലവ് കുറച്ച് വരികയാണ്. നിലവിലുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷൻ മാത്രം കേന്ദ്രീകരിച്ച് ശക്തമാക്കിയിട്ടുള്ളതുമാണ്. നിലവിലെ സാഹചര്യത്തിൽ ഒറ്റപ്പാലത്ത് ഒരു ഡിപ്പോ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. എന്നാൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സ്ഥലസൗകര്യവും കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറ്റം ചെയ്ത് ലഭ്യമാക്കുന്നതിന് തയ്യാറായാൽ സാദ്ധ്യതാപഠനം നടത്തി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുവാൻ ആകുമോ എന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ